ISSN 2319-3263

SAHITYALOKAM MALAYALAM BIMONTHLY

# സാഹിത്യ ലോകം

കേരള സാഹിത്യ അക്കാദമി

Vol.No.52 | Issue No.4 | July-August 2023 | ₹40
Annual Subscription ₹240



**സാഹിത്യലോകം**

ദ്വൈമാസിക

പുസ്തകം 52 ലക്കം 4

2023 ജൂലായ്-ഓഗസ്റ്റ്

വില : 40 രൂപ

വാർഷിക വരിസംഖ്യ : 240 രൂപ



പത്രാധിപസമിതി

*പ്രസിഡന്റ്*| സച്ചിദാനന്ദൻ

*സെക്രട്ടറി & എഡിറ്റർ*| പ്രൊഫ. സി.പി. അബൂബക്കർ

*കൺവീനർ*| കെ.ഇ.എൻ. കുഞ്ഞഹമ്മദ്

*സബ് എഡിറ്റർ ഇൻ-ചാർജ്*| എൻ.ജി. നയനതാര

*ഇഷ്യൂ റിവ്യൂവർ*| ഡോ. അശോക് ഡിക്രൂസ്

*അംഗങ്ങൾ*

എൻ. രാജൻ

ശ്രീലതാവർമ്മ

ബെന്യാമിൻ

രാവുണ്ണി

ഡോ. ഇ.വി. രാമകൃഷ്ണൻ

*കവർ ഡിസൈൻ & ലേ-ഔട്ട്*| രാജേഷ് ചാലോട്

*പ്രൂഫ്*| ടി.എസ്. സന്തോഷ്



*അച്ചടിനിർവ്വഹണം*

കാർമ്മൽ ഓഫ്സെറ്റ്, തൃശ്ശൂർ.



*വിലാസം*

**കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-680 020**

E-mail: office@keralasahityaakademi.org

editorial@keralasahityaakademi.org

Website: keralasahityaakademi.org



Printed and published by C.P. Aboobacker on behalf of Kerala Sahitya Akademi, Thrissur and printed of Carmel Offset, Thrissur and Published at Kerala Sahitya Akademi, P.B. No. 501, Thrissur District, Kerala state. Editor: C.P. Aboobacker

# ഉള്ളടക്കം


**06** ശാസ്ത്രവൈജ്ഞാനികത മലയാളസാഹിത്യത്തിൽ
**ഡോ. അർച്ചന എ.കെ.**

**16** ഭാഷകളുടെ വർത്തമാനവും ഭാവിയും വിജ്ഞാനസമൂഹത്തിൽ
**ഡോ. അനിൽ കുമാർ എം.ആർ.**

**29** വിജ്ഞാനസമൂഹവും സാഹിത്യചരിത്രങ്ങളുടെ പശ്ചാത്തലവും
**രശ്മി ടി.എൻ.**

**41** വിജ്ഞാനസമൂഹ നിർമ്മിതിയിലെ മുസ്‌ലിം പങ്ക്
**ഷെബീൻ മെഹബൂബ് എ.പി.**

**53** വിജ്ഞാനസമൂഹ നിർമ്മിതിയുടെ നിലമൊരുക്കലുകൾ
**ഡോ. ജിത ടി.എച്ച്.**

**61** വൈജ്ഞാനിക മലയാളവും ദൈവശാസ്ത്രവും
**റ്റോംസ് ജോസഫ്**

**77** വിജ്ഞാനസമൂഹ നിർമ്മിതിയും മാതൃഭാഷയും
**ശ്രീജ വി.**

**86** വിജ്ഞാനസമൂഹവും നവകേരളനിർമ്മിതിയും
**ശ്രീലക്ഷ്മി പി.എസ്.**

ശ്രീജ വി.

# വിജ്ഞാനസമൂഹ നിർമ്മിതിയും മാതൃഭാഷയും

വ്യവസായാനന്തര (post-industrial), ആധുനികാനന്തര (post-modern) കാലഘട്ടത്തിലെ ജനകീയമായ ആശയങ്ങളിലൊന്നാണ് വിജ്ഞാനസമൂഹം (Knowledge Society). വിജ്ഞാനസമ്പദ്ഘടന (Knowledge Economy), വിവരാധിഷ്ഠിതസമൂഹം (Information Society) എന്നിങ്ങനെ നിരവധി ആശയങ്ങൾ ഇതിനനുബന്ധമായി നിലനിൽക്കുന്നു. ഓരോ സമൂഹത്തിലും ജ്ഞാനത്തിന്റെയും ജ്ഞാനനിർമ്മിതിയുടെയും സാമൂഹികപ്രാധാന്യം വർദ്ധിച്ചുവരികയാണ്. അതുകൊണ്ടുതന്നെ, അക്കാദമികമേഖലയിൽ ഒതുങ്ങിനിൽക്കുന്ന സങ്കല്പനങ്ങളായല്ല, പ്രാവർത്തികമാക്കേണ്ട പ്രത്യയശാസ്ത്രങ്ങളായാണ് (performative ideologies) ഇത്തരം ആശയങ്ങളെ ആധുനികസമൂഹം നോക്കിക്കാണുന്നത് (Peters). വിജ്ഞാനസമൂഹമെന്ന സാങ്കല്പിക ഇടത്തെ സാമൂഹികമാറ്റവുമായി ബന്ധപ്പെടുത്തിക്കൊണ്ട് വലിയ താത്പര്യത്തോടെയാണ് നമ്മൾ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നത്. വിജ്ഞാനസമൂഹം, വിജ്ഞാനസമ്പദ്ഘടന എന്നിവയിലധിഷ്ഠിതമായ സാമൂഹിക-സാമ്പത്തികപുരോഗതിക്ക് മാതൃഭാഷ എത്രത്തോളം പ്രാധാന്യം അർഹിക്കുന്നു എന്നതിനെ സംബന്ധിച്ച പ്രാഥമികമായ അന്വേഷണമാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യമിടുന്നത്.

### വിജ്ഞാനസമൂഹം എന്ന ആശയം

മനുഷ്യപുരോഗതി മെച്ചപ്പെടുത്തുകയും അതിന്റെ ഗുണഫലങ്ങൾ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ലഭ്യമാകുന്ന തരത്തിൽ അറിവ് ഉത്പാദിപ്പിക്കുകയും, രൂപാന്തരപ്പെടുത്തുകയും,

പങ്കുവയ്ക്കുകയും ചെയ്യുന്ന സമൂഹമാണ് വിജ്ഞാനസമൂഹം. സമ്പദ്ഘടനകളുടെയും സമൂഹങ്ങളുടെയും വികാസത്തിൽ അറിവിന് എല്ലാക്കാലത്തും പങ്കുണ്ടായിരുന്നു. ഉത്പാദനരീതികളുടെ വികാസംതന്നെ വിജ്ഞാനത്തെയും നൈപുണികളെയും ആശ്രയിച്ചാണു നിലനിൽക്കുന്നത്. വിജ്ഞാനസമൂഹം എന്ന ആശയത്തിന് അതിന്റേതായ ചരിത്രമുണ്ട്. നിക്കോ സ്റ്റെറിന്റെ നിരീക്ഷണത്തിൽ റോബർട്ട് ഇ. ലെയ്നിന്റെ (Robert E. Lane), *The Market Experience* (1966) എന്ന ഗ്രന്ഥത്തിലാണ് വിജ്ഞാനസമൂഹമെന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചത് (Stehr). ശാസ്ത്രം, സമൂഹത്തിന് സാമാന്യബോധത്തിനുപകരം ശാസ്ത്രീയയുക്തിക്കുള്ള സാദ്ധ്യത തുറന്നുനൽകുന്നു എന്ന 1960-കളിലെ ശുഭാപ്തിവിശ്വാസത്തെ മുൻനിർത്തിയാണ് സ്റ്റെർ വിജ്ഞാനസമൂഹം എന്ന ആശയത്തെ നോക്കിക്കാണുന്നത്. ഇവിടെ സാമ്പത്തികപുരോഗതിയുടെയും സാമൂഹികചലനാത്മകതയുടെയും കേന്ദ്രമായി വിജ്ഞാനത്തെ പ്രതിഷ്ഠിക്കുന്നു. അദ്ധ്വാനം, മൂലധനം എന്നിവയോടൊപ്പം അതീവപ്രാധാന്യമുള്ള ഉത്പാദനഘടകമായി അറിവ് മാറുന്നു.

വിവരാധിഷ്ഠിതസമൂഹത്തിൽനിന്ന് വിഭിന്നമാണ് വിജ്ഞാനസമൂഹം. 1960-കളിലാണ് വിവരാധിഷ്ഠിതസമൂഹത്തെ സംബന്ധിച്ച ചർച്ചകൾ സജീവമായത്. വിജ്ഞാനസമൂഹവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ പരിമിതവും, സാങ്കേതികനിബദ്ധമായതുമായ ഒരു സംജ്ഞയാണ് വിവരാധിഷ്ഠിതസമൂഹം. വ്യക്തിഗതം, ദേശീയം, സാമൂഹികം, വാണിജ്യം, സാമ്പത്തികം, മിലിറ്ററി എന്നിങ്ങനെ എല്ലാത്തരത്തിലുമുള്ള കാര്യങ്ങളെ സംബന്ധിച്ച് ബൃഹത് ദത്തങ്ങൾ ഉത്പാദിപ്പിക്കുകയും, ക്രമീകരിക്കുകയും, കൈമാറുകയും ചെയ്യുന്ന പ്രക്രിയയാണ് വിജ്ഞാനസമൂഹത്തിനകത്തു നടക്കുന്നത്. എന്നാൽ, വിജ്ഞാനത്തിന്റെ ഉത്പാദനം, വിതരണം, പുനരുത്പാദനം എന്നിവയുമായി ബന്ധപ്പെട്ട വിജ്ഞാനസമൂഹത്തിന്റെ രൂപീകരണം സാങ്കേതികതയെക്കാൾ സാമൂഹികവും രാഷ്ട്രീയവുമായ പ്രക്രിയയാണ്. വിവരങ്ങളുടെ ഗണപരതയ്ക്ക് വിവരാധിഷ്ഠിതസമൂഹം ഊന്നൽ നൽകുമ്പോൾ, വിജ്ഞാനസമൂഹത്തിൽ അറിവിന്റെ ഗുണപരതയ്ക്കും അർഹമായ പ്രാധാന്യമുണ്ട്. അറിവിന്റെ വിതരണത്തിന്റെ കാര്യത്തിലാണ് വിവരാധിഷ്ഠിതസമൂഹത്തിൽനിന്നും വിജ്ഞാനസമൂഹം വ്യത്യാസപ്പെട്ടിരിക്കുന്നത്. വിവരാധിഷ്ഠിതസമൂഹത്തിൽ വിവരങ്ങളുടെ വിതരണം അസമമാണ്. ആ അസമത്വം പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വഴിയൊരുക്കുന്നു. എന്നാൽ, അറിവിന്റെ അസമമായ വിതരണത്തെ മറികടക്കാൻ കഴിയുമ്പോൾ മാത്രമേ വിജ്ഞാനസമൂഹം ശരിയായ അർത്ഥത്തിൽ രൂപപ്പെടുകയുള്ളൂ. അറിവിന്റെ വിതരണത്തിലെ അസമത്വത്തിന്റെ പ്രധാനകാരണങ്ങളിലൊന്ന് അറിവ് ശേഖരിക്കപ്പെടുന്നതും രേഖപ്പെടുത്തപ്പെടുന്നതും കൈമാറ്റം ചെയ്യപ്പെടുന്നതും മാതൃഭാഷയിലല്ല എന്നതിനാലാണ്.

**വിജ്ഞാനസമൂഹവും വിജ്ഞാനസമ്പദ്വ്യവസ്ഥയും**

പുരാതനകാലം മുതൽക്ക് അറിവുകളും കണ്ടുപിടിത്തങ്ങളും മനുഷ്യസമൂഹങ്ങളെ പുതുക്കിപ്പണിതിട്ടുണ്ട്. മുതലാളിത്തവും സാങ്കേതികവിദ്യയും ലോകത്തെ കീഴ്പ്പെടുത്തിയതും പുതിയൊരു ലോകക്രമം സൃഷ്ടിച്ചതും 1750 മുതൽ 1900 വരെയുള്ള കാലഘട്ടത്തിലാണ്. സാങ്കേതികമായ കണ്ടുപിടിത്തങ്ങൾ എല്ലാക്കാലത്തും സംഭവിച്ചിട്ടുണ്ടെങ്കിലും ഈ 150 വർഷങ്ങളെ സവിശേഷമാക്കുന്നത് സംസ്കാരം, വർഗ്ഗം, ഭൂമിശാസ്ത്രം എന്നിവയെ ഭേദിച്ചുകൊണ്ട് എത്തിപ്പെടുന്നതിൽ അവയുടെ വേഗതയ്ക്കും വ്യാപനത്തിനും വന്ന തീവ്രതയാണ് (Drucker). വിജ്ഞാനത്തെ ഉയർന്ന സാമ്പത്തികവളർച്ചയുമായി കൂട്ടിയിണക്കിക്കൊണ്ട് വിജ്ഞാനസമ്പദ്ഘട

നയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞത് ഹായെകിന്റെ രചനകളാണ് (Peters). സോഷ്യലിസം, ഭരണകൂടകേന്ദ്രീകൃത ആസൂത്രണം എന്നിവയെ വിമർശിച്ചുകൊണ്ട് വിപണിയുടെ യുക്തിയെ ആധുനിക സാമൂഹികസംഘാടനത്തിനുള്ള മാർഗ്ഗമായി ഹായെക് അവതരിപ്പിക്കുന്നു. ഉദാരജനാധിപത്യത്തിലധിഷ്ഠിതമായ ഹായെകിന്റെ വീക്ഷണങ്ങളുടെ കേന്ദ്രബിന്ദു ശാസ്ത്രത്തെയും കമ്പോളത്തെയും സ്വയം ക്രമീകരണം സാദ്ധ്യമാക്കുന്ന വ്യവസ്ഥകളായി വിഭാവനം ചെയ്തു എന്നതാണ് (Hayek). അത്തരമൊരു വ്യവസ്ഥിതിയിൽ വിലസംവിധാനം വിവരങ്ങൾ വിനിമയംചെയ്യുന്ന മാദ്ധ്യമമായി സമൂഹത്തിൽ പ്രവർത്തിക്കുന്നു. കാരണം, വിലകൾ വ്യത്യസ്ത വ്യക്തികളുടെ വിഭിന്നമായ പ്രവൃത്തികളെ ഏകോപിപ്പിക്കുന്നതിനും, വിലകളുടെ വ്യക്ത്യധിഷ്ഠിതമൂല്യം അല്ലെങ്കിൽ ആത്മനിഷ്ഠമൂല്യം (Subjective Value) വ്യക്തികൾക്ക് അവരുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സഹായിക്കുന്നു. ഹായെകിന്റെ നേതൃത്വത്തിലുള്ള ഈ സംവാദത്തിന്റെ രണ്ടാം തരംഗം ഉണ്ടാകുന്നത് നവലിബറൽ ചിന്തകളുടെ ഫലമായാണ്. നവലിബറൽ ചിന്തകൾ സാമ്പത്തിക ശാസ്ത്രത്തിന്റെ ഔപചാരികവൽക്കരണത്തിനും, വിവരാധിഷ്ഠിതസിദ്ധാന്തങ്ങളുടെയും വിവരാധിഷ്ഠിത സാമ്പത്തികശാസ്ത്രത്തിന്റെയും വിപുലീകരണത്തിനും കാരണമായി (Peters). ഈ രംഗത്തെ മൂന്നാം തരംഗം ഉണ്ടാകുന്നത് ചിക്കാഗോ സ്കൂളിന്റെയും മിൽറ്റൺ ഫ്രീഡ്മാന്റെയും സ്വാധീനത്താലാണ്. ഇതിന് സമാന്തരമായി മാഷ് ലപ്പിന്റെ Production and Distribution of Knowledge in the US Economy-യും, ബെക്കറുടെ (1964) മാനവമൂലധന സിദ്ധാന്തവും ചർച്ചചെയ്യപ്പെട്ടു. ഈ ഗവേഷണപരമ്പരകൾ എല്ലാം തന്നെ വ്യത്യസ്തമായ അനുമാനങ്ങളിലും രീതിശാസ്ത്രത്തിലും അധിഷ്ഠിതമായിരുന്നു. ചിക്കാഗോ സ്കൂൾ മുന്നോട്ടുവച്ച മാനവമൂലധനസിദ്ധാന്തം രണ്ടു പരികല്പനകളിൽ അധിഷ്ഠിതമാണ്. ഒന്ന്, വിദ്യാഭ്യാസവും പരിശീലനവും വ്യക്തികളുടെ ധാരണാശേഷി വളർത്തിയെടുത്തുകൊണ്ട് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നു. രണ്ട്, വർദ്ധിച്ച ഉത്പാദനക്ഷമത വ്യക്തികളുടെ വരുമാനവർദ്ധനവിനു കാരണമാകുന്നു. വരുമാനത്തിലുള്ള ഈ വർദ്ധനവ് മാനവമൂലധനമൂല്യത്തിന്റെ ഒരളവുകൂടിയാണ് സൂചിപ്പിക്കുന്നത് (Valima & Hoffman).

വിജ്ഞാനസമൂഹത്തെ സംബന്ധിച്ച സമൂഹശാസ്ത്രസിദ്ധാന്തങ്ങളും വിജ്ഞാനസമ്പദ്ഘടനയെ സംബന്ധിച്ച സാമ്പത്തികശാസ്ത്രവീക്ഷണങ്ങളും പലപ്പോഴും പൊരുത്തപ്പെടുന്നവയല്ല. ലാഭാധിഷ്ഠിതമായ ഒരു സാമ്പത്തികശാസ്ത്രകാഴ്ചപ്പാടിനകത്ത് അറിവ് സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങൾക്ക് സാദ്ധ്യത കൂടുതലുള്ളതുകൊണ്ടുതന്നെ അറിവ് അധിഷ്ഠിതമായ അന്തരവും കൂടുതലായിരിക്കും. ആ അന്തരം നികത്തുന്ന രീതിയിലാണ് വിജ്ഞാനസമൂഹം രൂപപ്പെടുത്തിയെടുക്കേണ്ടത്.

**ശാസ്ത്രം, സാങ്കേതികവിദ്യ, വിജ്ഞാനം, സമൂഹം**

വിജ്ഞാനനിർമ്മിതിയിൽ ശാസ്ത്രം വഹിച്ച പങ്ക് ചെറുതല്ല. സാങ്കേതികവിദ്യകളെല്ലാം ശാസ്ത്രാധിഷ്ഠിതമാണ്. സാമൂഹികമാറ്റത്തേക്കാൾ സാമ്പത്തികപുരോഗതിയെ മുന്നിൽക്കണ്ടാണ് പല ശാസ്ത്രഗവേഷണങ്ങളും നടക്കുന്നതെങ്കിലും പരോക്ഷമായി സാമൂഹികമാറ്റത്തിനും അത് കാരണമായിട്ടുണ്ട്. അച്ചടിയന്ത്രമായാലും ആവിയന്ത്രമായാലും എല്ലാ കണ്ടുപിടിത്തങ്ങളും ശാസ്ത്രവിപ്ലവങ്ങൾതന്നെയായിരുന്നു. വ്യാവസായികവിപ്ലവം ശാസ്ത്രവിപ്ലവത്തിന്റെ ഉപോത്പന്നമാണ്. പക്ഷേ, ഒരേസമയം സാമൂഹികമാറ്റത്തിനും സാമ്പത്തികപുരോഗതിക്കും പ്രയോജനപ്പെടുത്താൻ കഴിയുമ്പോൾ മാത്രമേ ശാസ്ത്രം പൂർണ്ണാർത്ഥത്തിൽ സമൂഹത്തിന്

പ്രയോജനപ്പെടുകയുള്ളൂ. ഗുണപരവും ഗണപരവുമായ മാറ്റങ്ങൾ ശാസ്ത്രം സമൂഹത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. ഭൗതികപുരോഗതിയിൽ മുന്നേറുന്നതുപോലെതന്നെ, ആളുകളുടെ ചിന്താഗതി, നൈപുണികൾ ഇവയെയെല്ലാം ശാസ്ത്രം സ്വാധീനിച്ചിട്ടുണ്ട്. അച്ചടി, ഇലക്ട്രിക് ബൾബിന്റെ കണ്ടുപിടിത്തം എന്നിങ്ങനെ ശാസ്ത്രത്തിന്റെ ഏതൊരു മുന്നേറ്റവും സാമൂഹിക, സാമ്പത്തിക, സാങ്കേതിക മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. ഉദാഹരണത്തിന്, അച്ചടിയുടെ കാര്യമെടുക്കുക. അച്ചടി അറിവിന്റെ വിനിമയം കൂടുതൽ ജനകീയവും സുതാര്യവുമാക്കി. വിജ്ഞാനവിതരണത്തിലെ ഇടനിലക്കാരെയും തെറ്റായ വ്യാഖ്യാനങ്ങളെയും കുറച്ചുകൊണ്ടുവരാൻ അച്ചടിയുടെ കണ്ടുപിടിത്തത്തിനും തുടർന്ന് പ്രസിദ്ധീകരണരംഗത്തുണ്ടായ മുന്നേറ്റത്തിനും കഴിഞ്ഞു. ശാസ്ത്രം, സമൂഹം, സമ്പദ്ഘടന ഇവ തമ്മിലുള്ള പാരസ്പര്യം വളരെ സങ്കീർണ്ണമാണ്. എന്നാൽ ഇതേ ശാസ്ത്രത്തെ തന്നെ സാമ്പത്തികലാഭം എന്ന ഒറ്റലക്ഷ്യത്തിലൊതുക്കിക്കൊണ്ട് വലിയ സാമൂഹിക അന്തരം സൃഷ്ടിക്കാനും മനുഷ്യന് കഴിഞ്ഞിട്ടുണ്ട്.

### ഡിജിറ്റൽ അന്തരവും വൈജ്ഞാനിക അന്തരവും

വിജ്ഞാനസമൂഹത്തെ വിഭാവനം ചെയ്യുമ്പോൾതന്നെ അതുമായി ബന്ധപ്പെട്ടുനിലനിൽക്കുന്ന പലതരം പ്രശ്നങ്ങളും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഡിജിറ്റൽ അന്തരവും (digital divide) വൈജ്ഞാനിക അന്തരവും (knowledge divide) ഇത്തരത്തിൽ പ്രാധാന്യമർഹിക്കുന്നു. വ്യക്തികൾക്ക് ഭൂഗോളത്തിലെവിടെയുമിരുന്ന് സ്ഥലം, കാലം എന്നീ തടസ്സങ്ങളെ അതിജീവിച്ചുകൊണ്ട് പരസ്പരമുള്ള ആശയവിനിമയത്തിന് സാദ്ധ്യത നൽകിയത് ഇന്റർനെറ്റാണ്. വിവരവിനിമയത്തിൽ ഇന്റർനെറ്റ്, കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, മൊബൈൽഫോണുകൾ എന്നിവയുടെ സാങ്കേതികവിദ്യയിലും, ഉത്പാദനത്തിലും, വിപണനത്തിലുമുള്ള കുതിച്ചുചാട്ടത്തെ മൂന്നാം വ്യാവസായികവിപ്ലവമായി വ്യാഖ്യാനിക്കപ്പെടുകയുണ്ടായി. എന്നാൽ, ഇവയുടെ പ്രാപ്യതയിൽ ആഗോളതലത്തിലും പ്രാദേശികതലത്തിലും അസമത്വം നിലനിൽക്കുന്നുണ്ട്. ഇവ ലഭ്യമല്ലാത്തതിനാൽ സാങ്കേതികമായ അറിവാർജ്ജിക്കുന്നതിൽനിന്ന് മാറ്റിനിർത്തപ്പെട്ടവരുണ്ട്. ഇതിനെയാണ് സാമാന്യമായി ഡിജിറ്റൽ അന്തരമായി വ്യാഖ്യാനിക്കുന്നത്. കൊവിഡ് കാലത്ത് പഠനം ഓൺലൈനായി മാറിയപ്പോൾ കേരളത്തിൽപ്പോലും വലിയൊരുഭാഗം കുട്ടികൾ ഡിജിറ്റൽ അന്തരം എന്ന യാഥാർത്ഥ്യത്തിന്റെ തീക്ഷ്ണതയെ അഭിമുഖീകരിച്ചിരുന്നു.

പക്ഷേ, വൈജ്ഞാനിക അന്തരം ഡിജിറ്റൽ അന്തരത്തേക്കാൾ കൂടുതൽ തലങ്ങളിലേക്ക് വ്യാപിക്കുന്ന സങ്കീർണ്ണമായ വിഷയമാണ്. സാങ്കേതികോപാധികളുടെ പ്രാപ്യത മാത്രമല്ല ഇവിടെ പ്രശ്നം. ഇത്തരം സാങ്കേതികവിദ്യകളുപയോഗിച്ച് അറിവാർജ്ജിക്കാനുള്ള ശേഷിയോ, അറിവ് രൂപപ്പെടുത്താനുള്ള ശേഷിയോ ഇല്ലാതെ വിജ്ഞാനസമൂഹത്തിനു പുറത്തുനിൽക്കുന്നവരാണ് വൈജ്ഞാനിക അന്തരത്തിന്റെ ഇരകൾ. ഉൾച്ചേർന്നുകൊണ്ടുള്ള വികസനത്തിന് വൈജ്ഞാനിക അന്തരം വലിയ പ്രതിസന്ധിയായി നിലനിൽക്കുന്നു. ഇത് കുറഞ്ഞത് രണ്ടു തരത്തിലെങ്കിലുമുണ്ട്, ആഗോളതലത്തിൽ വികസിതവും അവികസിതവുമായ രാഷ്ട്രങ്ങൾക്കിടയിലെ വൈജ്ഞാനിക അന്തരം. പ്രാദേശികതലത്തിൽ സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവും, രാഷ്ട്രീയവും, ഭൂമിശാസ്ത്രപരവുമായ കാരണങ്ങൾകൊണ്ട് ഒരു സമൂഹത്തിനകത്തെ ജനങ്ങൾക്കിടയിൽ അറിവിന്റെ പ്രാപ്യതയിൽ ഉണ്ടാകുന്ന അന്തരം. ഇവിടെ പ്രാദേശികമായ വൈജ്ഞാനിക

അന്തരം കുറയ്ക്കുന്നതിന് ഒരു പ്രധാനചാലകശക്തിയാകാൻ മാതൃഭാഷയിലൂടെയുള്ള അറിവിന്റെ വ്യാപനത്തിന് കഴിയും.

**ജ്ഞാനനിർമ്മിതിയിൽ ഭാഷയുടെ പങ്ക്**

ഒരു പ്രവിശ്യാഭാഷമാത്രമായിരുന്ന ഇംഗ്ലീഷ് ആദ്യം ബ്രിട്ടണിലൂടെയും പിന്നീട് അമേരിക്കയിലൂടെയും സാമ്രാജ്യത്വത്തിന്റെ ഭാഷയായി മേൽക്കൈ നേടി. അധിനിവേശം തദ്ദേശീയരെ മാത്രമല്ല, അവരുടെ ഭാഷകളെക്കൂടി ഇല്ലാതാക്കിയിരുന്നു. കംപ്യൂട്ടറിന്റെ ഭാഷ, പ്രോഗ്രാമിങ് ഭാഷ, ഇന്റർനെറ്റിന്റെ ഭാഷ എന്നീ നിലകളിൽ ഇംഗ്ലീഷ് പുതിയ കാലഘട്ടത്തിലും അതിന്റെ മേൽക്കൈ തുടർന്നു. ഈ മേഖലകളിലേക്ക് പ്രാദേശികഭാഷകൾ കടന്നുവരാൻ വളരെ സമയമെടുത്തു. യൂണികോഡിന്റെ വരവോടെ ഈ രംഗത്ത് ഏറെ മുന്നോട്ടുപോകാൻ പ്രാദേശികഭാഷകൾക്ക് കഴിഞ്ഞത് അടുത്തകാലത്താണ്. വിജ്ഞാനത്തിന്റെ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിനുള്ള ആധിപത്യം മറ്റു ഭാഷകളുപയോഗിക്കുന്നവരെ വിജ്ഞാനത്തിന്റെ ഉത്പാദകരെക്കാൾ ഉപഭോക്താക്കളാക്കി മാറ്റി. അതുകൊണ്ടുതന്നെ, വിജ്ഞാനം സാമൂഹികവും സാമ്പത്തികവുമായ നല്ല മാറ്റങ്ങൾക്കുപയോഗിക്കുക എന്ന വിജ്ഞാനസമൂഹത്തിന്റെ പ്രാഥമികലക്ഷ്യത്തിന് പ്രാദേശികഭാഷകൾ വിജ്ഞാനഭാഷകളായി വളർന്നുവരേണ്ടത് അനിവാര്യമാണ്. വിജ്ഞാനം ഉപയോഗിക്കുന്നവരിൽനിന്ന് വിജ്ഞാനം നിർമ്മിക്കുന്നവരിലേക്കുള്ള പരിണാമത്തിൽ മാതൃഭാഷയ്ക്ക് വലിയ പങ്കുണ്ട്.

വിജ്ഞാനത്തിന്റെ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിനുള്ള ആധിപത്യം ശാസ്ത്രീയമായ അറിവുകൾ പ്രചരിപ്പിക്കുന്നതിന് തടസ്സം നിൽക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു (Amano et al.). 2014-ൽ പതിനാറ് ഭാഷകളെ മുൻനിർത്തി ഗൂഗിൾ സ്കോളറിൽ നടത്തിയ തിരച്ചിലിൽ ജൈവവൈവിദ്ധ്യപരിപാലനവുമായി ബന്ധപ്പെട്ടു കണ്ടെത്തിയ 75,513 പഠനങ്ങളിൽ 35.6%-വും ഇംഗ്ലീഷ് ഇതര ഭാഷകളിലായിരുന്നു എന്ന് നിരീക്ഷിക്കുന്നു. ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കൂടുതൽ പേരിലേക്ക് എത്തുകയുള്ളൂ എന്നതുകൊണ്ടുതന്നെ പ്രാദേശികഭാഷകളിൽ ശാസ്ത്രീയമായ അറിവുകൾ ലഭ്യമല്ലാതെയാകുന്നു എന്ന് ഈ പഠനം സമർത്ഥിക്കുന്നു. ശാസ്ത്രീയ ഗവേഷണഫലങ്ങൾ ഇംഗ്ലീഷിൽ മാത്രം വിനിമയം ചെയ്യപ്പെടുന്നതിന്റെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുന്ന മറ്റൊരു പഠനത്തിൽ (Angulo et al.) പറയുന്നത് ഇംഗ്ലീഷ് ഇതരഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന ദത്തശേഖരങ്ങൾ ഗവേഷണങ്ങളിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നാണ്. ഇത് വിജ്ഞാനവിടവിനും (Knowledge gap) പക്ഷപാത (Bias) ത്തിനും കാരണമാകുന്നു. അധിനിവേശ ജീവജാലങ്ങളെ സംബന്ധിച്ച് ഇംഗ്ലീഷ് ഇതരഭാഷകളിൽ ശേഖരിച്ച ഗ്ലോബൽ ഇക്കണോമിക് കോസ്റ്റ് ഡാറ്റ അടിസ്ഥാനമാക്കി നടത്തിയ മേൽസൂചിപ്പിച്ച പഠനത്തിൽ പഠനവിധേയമാക്കിയ പതിനഞ്ച് ഇംഗ്ലീഷിതര ഭാഷകളിൽ, ഇംഗ്ലീഷിലുള്ളതിനേക്കാൾ കൂടുതൽ ദത്തശേഖരങ്ങൾ കണ്ടെത്തി. അവയിൽ പലതും അതുവരെ ലഭ്യമല്ലാതെയിരുന്ന വിവരങ്ങൾകൂടി ആയിരുന്നു. ഇപ്രകാരം ഭാഷാപരമായ തടസ്സങ്ങളും ലഭ്യമാകാനുള്ള ബുദ്ധിമുട്ടും മൂലം ഇംഗ്ലീഷ് ഇതരഭാഷകളിലെ ദത്തശേഖരങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നതുകൊണ്ട് ശാസ്ത്രവിജ്ഞാനത്തിന്റെ അടിത്തറ ചുരുങ്ങിപ്പോകുന്നുവെന്ന് ഈ ഗവേഷണം സൂചിപ്പിക്കുന്നു. മാത്രവുമല്ല, ദത്തശേഖരങ്ങളുടെ ഈ ഇംഗ്ലീഷ് പക്ഷപാതിത്വം നയരൂപീകരണത്തിൽ വലിയ പ്രതിസന്ധികളാണ് സൃഷ്ടിക്കുക. ദത്തപൂർണ്ണതയ്ക്കായി ഇംഗ്ലീഷ് ഇതരഭാഷകളിലെ വിവരങ്ങൾ ഗവേഷകർക്കു ലഭ്യമാക്കുക, ഇതിനായി ബഹുഭാഷാസംയോജനപദ്ധ

തികൾ ആവിഷ്കരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഈ ഗവേഷകർ മുന്നോട്ടുവയ്ക്കുന്നത്.

വൈജ്ഞാനികഭാഷ എന്ന നിലയിൽ വളരാൻ മത്സരാധിഷ്ഠിതമായിത്തന്നെ മാതൃഭാഷകളെ പ്രാപ്തമാക്കേണ്ടതുണ്ട്. മാതൃഭാഷയെ വൈജ്ഞാനികഭാഷയായി വിപുലീകരിക്കുക എന്നത് മറ്റുള്ള ഭാഷകളോടുള്ള വിരോധത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തേണ്ട നയമല്ല. മറിച്ച്, മാതൃഭാഷയിൽ വിജ്ഞാനം നിർമ്മിക്കാനും രേഖപ്പെടുത്താനും പ്രചരിപ്പിക്കാനും കഴിയുമ്പോൾ ആ ഭാഷ ഉപയോഗിക്കുന്നവരിലേക്ക് കൂടുതൽ വ്യക്തതയോടെ ആ അറിവ് എത്തിപ്പെടുന്നു എന്ന തത്ത്വത്തെ അടിസ്ഥാനമാക്കിയാണ് ഈ പ്രക്രിയ പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. ഭാഷകൾക്കതീതമായ അറിവുകളുടെ കൊടുക്കൽവാങ്ങൽ വൈജ്ഞാനികവളർച്ചയ്ക്ക് അനിവാര്യമാണ്. ഏതൊരു ഭാഷയിലുമുള്ള അറിവ് മറ്റൊരു ഭാഷയിലേക്ക് എളുപ്പത്തിൽ വിനിമയം ചെയ്യാവുന്ന രീതിയിൽ നമ്മുടെ സാങ്കേതികവിദ്യകൾ വളർന്നുകഴിഞ്ഞു. അതുകൊണ്ടുതന്നെ, വിജ്ഞാനം ഏതു ഭാഷയിൽ രൂപപ്പെട്ടാലും മറ്റുഭാഷകളിൽ കൂടി പ്രചരിപ്പിക്കാനുള്ള സാദ്ധ്യതകൾ ഇന്നുണ്ട്.

ഒരു സമൂഹത്തെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ അറിവിന്റെ ലഭ്യതയുടെ കാര്യത്തിൽ പല തട്ടുകളിൽ നിൽക്കുന്ന വിഭാഗങ്ങൾ ഉണ്ടായിരിക്കും. വിദ്യാഭ്യാസത്തെ വിജ്ഞാനലഭ്യതയ്ക്കുള്ള അവസരമായി കണക്കാക്കുകയാണെങ്കിൽ ഒരു സമൂഹത്തിൽ സാമാന്യമായി മൂന്ന് വിഭാഗങ്ങളിൽപ്പെട്ട ആളുകൾ ഉണ്ടായിരിക്കും; വിദ്യാഭ്യാസം ലഭിച്ചവർ, വിദ്യാഭ്യാസം നേടിക്കൊണ്ടിരിക്കുന്നവർ, വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചിട്ടില്ലാത്തവർ. വിജ്ഞാനസമൂഹത്തെ വിഭാവനം ചെയ്തുകൊണ്ട് വൈജ്ഞാനിക അന്തരം കുറച്ചുകൊണ്ടുവരാൻ ശ്രമിക്കുമ്പോൾ പലവശങ്ങളിലേക്കുമുള്ള കണ്ണിചേർക്കൽ (Linkage) ആവശ്യമാണ്. നിലവിൽ വിദ്യാഭ്യാസം നേടിക്കൊണ്ടിരിക്കുന്നവരിലേക്ക് ഇക്കാര്യങ്ങളെത്തിക്കാൻ കുറച്ചുകൂടി എളുപ്പമാണ്. അവിടെ മുന്നോട്ടുള്ള കണ്ണിചേർക്കലിലൂടെ (Forward Linkage) നിലവിലുള്ളവർക്ക് തുല്യമായി ഗുണമേന്മയുള്ള വിജ്ഞാനം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്താം. ബഹുഭാഷാ അല്ലെങ്കിൽ ദ്വിഭാഷാ ബോധനരീതികൾ പ്രയോജനപ്പെടുത്താം. എന്നാൽ വിദ്യാഭ്യാസത്തിനുള്ള അവസരം പലകാരണങ്ങൾകൊണ്ട് ലഭിക്കാതെയിരുന്ന വിഭാഗങ്ങളിലേക്ക് ഈ പ്രക്രിയ വ്യാപിപ്പിക്കണമെങ്കിൽ ഒരർത്ഥത്തിൽ പിറകോട്ടുള്ള കണ്ണിചേർക്കലാണ് (Backward Linkage) അനിവാര്യം. പിറകോട്ടുള്ള കണ്ണിചേർക്കൽ മാതൃഭാഷയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് തുടർപഠനത്തിനുള്ള ഔപചാരികമോ അനൗപചാരികമോ ആയ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് വൈജ്ഞാനിക അന്തരം കുറയ്ക്കാൻ ഇരുവശങ്ങളിലേക്കുമുള്ള കണ്ണിചേർക്കൽ പ്രയോജനപ്പെടുത്താവുന്നതാണ്.

### സാമൂഹികമായ ഉൾച്ചേർക്കലും മാതൃഭാഷയിലുള്ള അറിവുത്പാദനവും

വികസിതരാഷ്ട്രങ്ങൾക്കു മാത്രമല്ല, ഓരോ പ്രദേശത്തിനും രാഷ്ട്രങ്ങൾക്കും പലതരത്തിലുള്ള വിജ്ഞാനപാരമ്പര്യമുണ്ടായിരുന്നു. മഹത്തായ സംസ്കാരങ്ങൾ ഉടലെടുത്തതും അറിവധിഷ്ഠിതമായി തന്നെയാണ്. ശ്രീരംഗപട്ടണം യുദ്ധത്തിൽ മൈസൂർ സൈന്യം ബ്രിട്ടീഷുകാർക്കെതിരേ പ്രയോഗിച്ച ചെറിയ റോക്കറ്റ് ലണ്ടനിലെ വൂൾവിച്ച് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത് ലോകത്തിലെതന്നെ ആദ്യ റോക്കറ്റ് മാതൃകയായി കണക്കാക്കപ്പെടുന്നു (Kalam). വോൺ ബ്രൗണിന്റെ

*ഹിസ്റ്ററി ഓഫ് റോക്കറ്റ്സ്* എന്ന പുസ്തകത്തിൽ ഇതിനെക്കുറിച്ച് പരാമർശമുണ്ട്. ഇന്ത്യയ്ക്ക് തനതായ ശാസ്ത്ര-സാങ്കേതികവിജ്ഞാനം ഉണ്ടായിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. പ്രാദേശികമായി നിർമ്മിക്കപ്പെട്ട ജ്ഞാനം മാതൃഭാഷയിൽ രേഖപ്പെടുത്താൻ സാധിച്ചിരുന്നോ എന്നതാണ് മറ്റൊരു ചോദ്യം. കോളനീകരണത്തിനുമുമ്പ് വിജ്ഞാനഭാഷ സംസ്കൃതമായിരുന്ന കാലഘട്ടത്തിൽപ്പോലും യുക്തിഭാഷ പോലുള്ള രചനകൾ അന്നത്തെ മലയാളത്തിൽ ഉണ്ടായിട്ടുണ്ട് (Divakaran). യുക്തിഭാഷയിലെ ആശയങ്ങൾ പൂർണ്ണമായും ഗ്രന്ഥകാരന്റെ തന്നെയാണോ എന്നതിൽ സംശയമുണ്ടെങ്കിൽപ്പോലും അതിലെ ഭാഷയും സാങ്കേതിക പദസമ്പന്നതയും അഭിനന്ദനീയമാണെന്നതിൽ പണ്ഡിതർക്കിടയിൽ തർക്കമില്ല. ശാസ്ത്രം, സാങ്കേതികത, സമൂഹം, സാഹിത്യം, ചരിത്രം എന്നിങ്ങനെ നിരവധി തലങ്ങളിലുള്ള അറിവ് ഓരോ സമൂഹത്തിനും എല്ലാ കാലഘട്ടത്തിലുമുണ്ടായിരുന്നുവെന്നും, അക്കാലങ്ങളിൽ അറിവ് പ്രാദേശികഭാഷകളിൽ രേഖപ്പെടുത്തിയിരുന്നു എന്നുമാണ് ഈ ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ, വിജ്ഞാനം മാതൃഭാഷയിൽ രേഖപ്പെടുത്തപ്പെട്ടതുകൊണ്ട് ഇതിന്റെ വിതരണം തുല്യമായിരുന്നു എന്ന് അർത്ഥമില്ല. ജാതി, അധികാരം പോലുള്ള സാമൂഹികമാനദണ്ഡങ്ങൾ ഉപയോഗിച്ച് ഈ വിജ്ഞാനം നിർമ്മിക്കേണ്ടതും ആർജ്ജിക്കേണ്ടതും പ്രയോഗിക്കേണ്ടതും ആരെന്ന് ക്ലിപ്തപ്പെടുത്തിയിരുന്നു. അക്കാലത്ത് മലയാളത്തിലുള്ള വിജ്ഞാനനിർമ്മിതിയും അതിന്റെ പ്രചരണവും ജാതിയുടെ അതിരുകൾക്കുള്ളിലായിരുന്നു. അവിടെ വലിയൊരു വിഭാഗം ആളുകൾ വിജ്ഞാനത്തിന്റെ പ്രാപ്യതയിൽനിന്ന് മാറ്റിനിർത്തപ്പെട്ടു. ജ്യേഷ്ഠദേവൻ രചിച്ചു എന്ന് കരുതപ്പെടുന്ന *യുക്തിഭാഷ* പോലുള്ള ഗണിതശാസ്ത്രഗ്രന്ഥങ്ങൾ കൂടുതൽ ആളുകൾക്ക് പരിചയപ്പെടാൻ കഴിയാതെപോയത് അതുകൊണ്ടാകാം. ആ അർത്ഥത്തിൽ, വിജ്ഞാനത്തിന്റെ ഭാഷ എന്ന നിലയിൽ കോളനികളിലെ ഭാഷകൾക്കു മുകളിൽ ഇംഗ്ലീഷ് ആധിപത്യം ഉറപ്പിച്ചുവെങ്കിലും അറിവിന്റെ വിതരണത്തിലെ ജനാധിപത്യത്തിന് ആ ഭാഷ ഏറെ സഹായിച്ചിട്ടുണ്ട്. കോളനീകരണത്തിനുമുമ്പ് ഭാഷയും അതിനുള്ളിലെ വിജ്ഞാനവും ജാതി-അധികാര അതിരുകൾക്കുള്ളിൽ കുടുങ്ങിപ്പോയെങ്കിലും ഇന്ന് അത്തരത്തിലുള്ള പ്രശ്നങ്ങളിൽനിന്ന് ഏറക്കുറെ പുറത്തുകടക്കാൻ പ്രാദേശികഭാഷകൾക്കുകഴിഞ്ഞിട്ടുണ്ട്. ഫ്രഞ്ചോ ഇംഗ്ലീഷോ പോലെ വലിയൊരു ജനസംഖ്യ ഉപയോഗിക്കുന്നവയല്ല പ്രാദേശികഭാഷകൾ. വിജ്ഞാനം മാതൃഭാഷയിലല്ലാത്തതിനാൽ പല സമൂഹങ്ങളിലും സാങ്കേതികവിദ്യകൾ പ്രചരിക്കുന്നതിൽ കാലതാമസമുണ്ട്. വിജ്ഞാനത്തിൽ ഭാഷയുടെ ആധിപത്യമുണ്ട് എന്ന കാര്യം മനസ്സിലാക്കിക്കൊണ്ടുതന്നെ, തങ്ങളുടേതായ സംഭാവനകൾ വർദ്ധിപ്പിക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ട് ഈ ആധിപത്യത്തെ മറികടക്കാനുള്ള ശ്രമങ്ങളാണ് പ്രാദേശികഭാഷകളിലൂടെ നടക്കേണ്ടത്.

മാതൃഭാഷയിൽ വിജ്ഞാനം പ്രചരിപ്പിക്കപ്പെടാത്തിടത്തോളം കാലം വിജ്ഞാനസമൂഹമെന്ന ആശയം അപൂർണ്ണമായിരിക്കുമെന്ന് തീർച്ചയാണ്. അറിവ് രണ്ടാം ഭാഷയിൽ വിതരണം ചെയ്യുമ്പോൾ അരികുവൽക്കരണത്തിന്റെ വ്യാപ്തി കൂടുന്നു. സാമൂഹികമായ ഉൾച്ചേർക്കൽ പ്രക്രിയ ത്വരിതമാക്കണമെങ്കിൽ അറിവ് മാതൃഭാഷയിൽക്കൂടി വിതരണം ചെയ്യപ്പെടേണ്ടതുണ്ട്. മലയാളത്തിൽ വ്യക്തിപരമായും കൂട്ടായ്മകളുടെ നേതൃത്വത്തിലും സ്ഥാപനങ്ങളിലൂടെയും ഇതിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. 2012-ൽ സ്ഥാപിതമായ തുഞ്ചത്തെഴുത്തച്ഛൻ മലയാളംസർവ്വകലാശാല ഇത്തരമൊരു ലക്ഷ്യത്തിൽ മലയാളത്തെ ഏറെ മുന്നോട്ടുകൊണ്ടുപോകാൻ

പ്രാപ്തിയുള്ള സ്ഥാപനമാണ്. ഇന്ന് പതിനൊന്നു പഠനസ്കൂളുകളുള്ള സർവ്വകലാശാല, ഉന്നതവിദ്യാഭ്യാസം മലയാളത്തിൽ സാദ്ധ്യമാക്കുന്നു. ചലച്ചിത്രപഠനം, മാദ്ധ്യമപഠനം തുടങ്ങിയ സാങ്കേതിക വിഷയങ്ങളും, പരിസ്ഥിതിപഠനം പോലുള്ള ശാസ്ത്രവിഷയങ്ങളും, സോഷ്യോളജി, ചരിത്രം, വികസനപഠനം എന്നിങ്ങനെയുള്ള സാമൂഹ്യശാസ്ത്രവിഷയങ്ങളും മലയാളത്തിൽ കൈകാര്യം ചെയ്യാൻ സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ, മലയാളത്തിന്റെ സാങ്കേതികമായ മുന്നേറ്റത്തിന് ഒട്ടേറെ സംഭാവനകൾ നൽകാൻ പര്യാപ്തമായ ഭാഷാശാസ്ത്രപഠനസ്കൂളും, വിജ്ഞാനഭാഷ എന്നനിലയിൽ മലയാളഭാഷയെ നിരന്തരം വളർത്തിയെടുക്കാൻ കഴിയുന്നവിധത്തിൽ വൈവിദ്ധ്യമാർന്ന കോഴ്സുകൾ പഠിപ്പിക്കുന്ന പൈതൃകപഠനഫാക്കൽറ്റിക്കുകീഴിലുള്ള സംസ്കാര-പൈതൃകപഠനസ്കൂളും, താരതമ്യ-വിവർത്തനപഠനം, സാഹിത്യപഠനം, സാഹിത്യരചന എന്നിവയ്ക്കുന്നൽ നൽകുന്ന, സാഹിത്യഫാക്കൽറ്റിക്കുകീഴിലുള്ള പഠനസ്കൂളുകളും ഇവിടെയുണ്ട്. വൈജ്ഞാനികമലയാളത്തിന്റെ മുന്നോട്ടുപോക്കിന് ഈ പഠനസ്കൂളുകൾക്കും അവിടെനിന്നു പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്കും വിലപ്പെട്ട സംഭാവനകൾ നൽകാൻ സാധിക്കുമെന്ന് തീർച്ചയാണ്. സർവ്വകലാശാലയിലെ പഠനസ്കൂളുകളിൽ നടക്കുന്ന ഗവേഷണങ്ങളും, വിവിധ സ്കൂളുകൾ പുറത്തിറക്കുന്ന ഗവേഷണജേണലുകളും ഈ അർത്ഥത്തിൽ പ്രതീക്ഷ നൽകുന്നവയാണ്.

വിജ്ഞാനം സാമൂഹിക, സാമ്പത്തികവ്യവഹാരങ്ങളെ സ്വാധീനിക്കുന്ന വലിയ ശക്തിയായി ഇന്ന് കണക്കാക്കപ്പെടുന്നു. മൂലധനം, അദ്ധ്വാനം എന്നിവയോടൊപ്പം വിജ്ഞാനവും ഉത്പാദനോപാധിയായി മാറിയിരിക്കുന്നു. സാമൂഹികപരിവർത്തനം, സാമ്പത്തികാഭിവൃദ്ധി എന്നീ രണ്ടു പ്രധാന ലക്ഷ്യങ്ങളാണ് വിജ്ഞാനസമൂഹത്തിനുള്ളത്. ഈ ഗുണഫലങ്ങൾ സമൂഹത്തിൽ തുല്യമായി വിതരണം ചെയ്യുന്നതിൽ പ്രാദേശികഭാഷകളിലുള്ള വിജ്ഞാനനിർമ്മിതിക്കും, അവയുടെ പ്രചാരണത്തിനും വലിയ പങ്കുവഹിക്കാൻ സാധിക്കും. ആധുനിക കാലഘട്ടത്തിൽ മാതൃഭാഷയിൽ മാത്രം വിജ്ഞാനത്തെ ഒതുക്കിനിർത്തുക എന്നത് സാദ്ധ്യമല്ല. പക്ഷേ, മാതൃഭാഷയെ വിജ്ഞാനഭാഷയാക്കി മാറ്റുക എന്ന പ്രക്രിയയ്ക്ക് തീർച്ചയായും മുൻഗണന ലഭിക്കേണ്ടതുണ്ട്. മാനകീകരണം, ലിപി ഉൾപ്പെടെയുള്ള ഭാഷാപരിഷ്കരണം, ഭാഷാവ്യാപനം, ലളിതവൽക്കരണം, സാങ്കേതികപദങ്ങളുടെ ഏകീകരണം, ബഹുഭാഷാബോധനം എന്നിവയിലൂടെ വിജ്ഞാനഭാഷ എന്നനിലയിൽ തുടർച്ചയായ മുന്നേറ്റം സാദ്ധ്യമാക്കുക എന്നതാണ് മലയാളത്തിലുള്ള വിജ്ഞാനനിർമ്മിതി പ്രോത്സാഹിപ്പിക്കുന്നതിന് ചെയ്യേണ്ടത്. വൈജ്ഞാനികസമൂഹത്തിൽ വിപണനം ചെയ്യപ്പെടുന്ന അറിവ് ചൂഷണത്തിനുള്ള മാദ്ധ്യമമായി മാറരുത്. സാമൂഹിക പുരോഗതിലക്ഷ്യമിട്ടുകൊണ്ട് വിജ്ഞാനസമൂഹവും സാമ്പത്തികേച്ഛയോടെ വിജ്ഞാനസമ്പദ്ഘടനയും വ്യത്യസ്തദിശകളിൽ സഞ്ചരിക്കാതെ അറിവിനെ സാർവ്വത്രികമായ സാമൂഹ്യനന്മയ്ക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള ആഗോള ദിശാബോധം നയങ്ങളായി രൂപപ്പെടേണ്ടതുണ്ട്.

പ്രാദേശികമായി ജ്ഞാനനിർമ്മിതി നടക്കുകയും, പ്രാദേശികഭാഷകളിൽ വിജ്ഞാനങ്ങൾ രേഖപ്പെടുത്തപ്പെടുകയും ചെയ്യപ്പെടുന്നുണ്ട്. പക്ഷേ, ഇവ വിനിമയം ചെയ്യുന്ന ഭാഷ എന്ന നിലയിൽ കോളനീകരണഘട്ടത്തിൽ ഇംഗ്ലീഷ് നേടിയ പ്രതിഷ്ഠ പല കാരണങ്ങൾകൊണ്ട് ഇന്നും തുടർന്നുപോരുന്നു എന്നതാണ് ഭാഷാപരമായ വൈജ്ഞാനിക അന്തരത്തിന്റെ കാരണം. ജാതിയും അധികാരവും പോലെത്തന്നെ ഭാഷയും ഇവിടെ പുറത്താക്കലിനുള്ള മാദ്ധ്യമമായി

പ്രവർത്തിക്കുന്നു. വിജ്ഞാനസമൂഹം വിഭാവനം ചെയ്യുമ്പോൾ ആ വിടവാണ് മാതൃഭാഷയിലൂടെയുള്ള അറിവിന്റെ വ്യാപനത്തിലൂടെ ലഘൂകരിക്കേണ്ടത്.

## ഗ്രന്ഥസൂചി


1. Amano T, González-Varo JP, Sutherland WJ (2016) Languages Are Still a Major Barrier to Global Science. PLOS Biology 14(12): e2000933. https://doi.org/10.1371/journal.pbio.2000933
2. Angulo, Elena, et al. 'Non-English Languages Enrich Scientific Knowledge: The Example of Economic Costs of Biological Invasions.' Science of The Total Environment, vol. 775, 2021, p. 144441, https://doi.org/10.1016/j.scitotenv.2020.144441.
3. Divakaran, P. P. 'The First Textbook of Calculus: 'Yuktibhā?ā.''' Journal of Indian Philosophy, vol. 35, no. 5/6, 2007, pp. 417-43.
4. Drucker, Peter F. 'The Rise of the Knowledge Society.' The Wilson Quarterly (1976-), vol. 17, no. 2, 1993, pp. 52-71.
5. Hayek, F. A. 'The Use of Knowledge in Society.' The American Economic Review, vol. 35, no. 4, 1945, pp. 519-30.
6. Kalam, A. P. J. Abdul. 'Dimensions of Knowledge Society.' India International Centre Quarterly, vol. 29, no. 2, 2002, pp. 39-49.
7. Peters, Michael A. Knowledge Economy, Development and the Future of Higher Education. Brill, 2007, https://doi.org/10.1163/9789087903497.
8. Stehr, N. Knowledge Societies. London: Sage
9. Välimaa, Jussi, and David Hoffman. 'Knowledge Society Discourse and Higher Education.' Higher Education, vol. 56, no. 3, 2008, pp. 265-85.


ശ്രീജ വി. | അസിസ്റ്റന്റ് പ്രൊഫസർ, വികസന പഠന സ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, തിരൂർ | 9447376984 | sreejav@temu.ac.in